ണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. viii. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടംതൊഴിലാളികൾക്കും സൗജന്യമായി വീട് നിർമ്മിച്ച് നൽകുകയെന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ

188(202) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസര പ്രദേശങ്ങളിൽ എ.ബി.സി. ലൈനുകളും യു.ജി. ലൈനുകളും സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റും ആണ് തയ്യാറാക്കിയിട്ടുള്ളത്. നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, പടനിലം ക്ഷേത്ര ഭരണസമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട് ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുന്നതാണ്. ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവന ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷ് 25-9-2020-ൽ നൽകിയ കത്തുപ്രകാരം ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിനുശേഷം, വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 1-7-2021-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് നിലവിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യോട് ടി തുക അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. മാവിലേക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിട്ടുണ്ട്.

മലമ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

189(203) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 293.22 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 256.32 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ